പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1172.

20.1.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകൾക്ക് സ്വയംഭരണാവകാശം

ചോദ്യം

ശ്രീ.ജി.സുധാകരൻ.
ശ്രീ.കെ.ടി.ജലീൽ.
പ്രൊഫ.സി.രവീന്ദ്രനാഥ്.
ശ്രീ.എ.എം.ആരിഫ്.

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; സ്വകാര്യ, സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്കും സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ ;

(എ) ഉണ്ട്. 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. സ്വകാര്യ, സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് സ്വയംഭരണം നൽകാൻ തീരുമാനിച്ചിട്ടില്ല.

(ബി) കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതുമൂലം ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതം സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തിയിട്ടുണ്ടോ ; എന്തെല്ലാം ആശങ്കകൾ ഇതിനകം ഉയർന്നുവന്നു കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) ഉണ്ട്. കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ, സ്ഥലം മാറ്റം, പരീക്ഷാ നടത്തിപ്പ്, വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച നിലവിലുള്ള മാനദണ്ഡം, ഗവേണിംഗ് കൗൺസിലിൽ അദ്ധ്യാപകരുടെ മതിയായ പ്രാതിനിധ്യം, ഡയറക്റ്റ് പേയ്മെന്റ് എഗ്രിമെന്റിലെ വ്യവസ്ഥകൾ തുടരുക, സംവരണ തത്വം പ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുക എന്നിവ സംബന്ധിച്ച ആശങ്കകൾ ഉയർന്നു വന്നിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | സ്വയംഭരണാവകാശം നൽകുന്നതിലൂടെ സർവ്വകലാശാലകളുടെയും, കോളേജുകളുടെയും പ്രവർത്തനത്തിലും ഘടനയിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ഇതിനായി നിയമവും ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ ; | (സി) | സർക്കാരിന്റെ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ,മെറിറ്റ് എന്നിവ പാലിച്ച് മാത്രമാണ് സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത്. ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥി പ്രവേശനവും ; അക്കാദമിക് കൗൺസിൽ രൂപീകരണവും, ഫാക്കൽറ്റി നിയമനവും ചോദ്യപേപ്പർ തയ്യാറാക്കലും, മൂല്യനിർണ്ണയം നടത്തലുമെല്ലാം അതാത് കോളേജുകളെ തന്നെ അധികാരപ്പെടുത്തുന്നത് ഈ രംഗത്ത് മൂല്യച്യുതിക്കും അഴിമതിക്കും കാരണമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) | നിർദ്ധനരും ദുർബല വിഭാഗക്കാരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാക്കുന്നതിന് ഈ തീരുമാനം കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (ഇ) | നിലവിലുള്ള സംവരണ നയം പാലിച്ച് തന്നെയായിരിക്കും സ്വയംഭരണ കോളേജുകളിൽ പ്രവേശനം നടത്തുന്നത്. അതിനാൽ നിർദ്ധനരും ദുർബല വിഭഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനത്തിന് പ്രതികൂലമായി ബാധിക്കുകയില്ല. |
| (എഫ്) | സർവ്വകലാശാലകളിലേതുപോല െ ഗവേണിംഗ് കൗൺസിലുകളിലും അക്കാദമിക് കൗൺസിലുകളിലുമെല്ലാം വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (എഫ്) | ഇല്ല.സർവ്വകലാശാലകളിൽ നിന്നും വിഭിന്നമായി ഗവേണിംഗ് കൗൺസിലും അക്കാഡമിക് കൗൺസിലുകളും രൂപീകരിക്കുന്നത് യു.ജി.സി മാർഗ്ഗനിർദ്ദേശ പ്രകാരമാണ്. |

സെക്ഷൻ ഓഫീസർ